# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/114/2018 2018 മെയ് 30

## പത്രക്കുറിപ്പ്

**കോളേജുകൾ ജൂൺ 4ന് തുറക്കും**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകൾ മദ്ധ്യവേനലവധിക്കുശേഷം ജൂൺ 4ന് തുറക്കും. ജൂൺ 1ന് പകരം ജൂൺ 30 പ്രവൃത്തിദിനമായിരിക്കും.

**എം.ജി. ബിരുദ ഏകജാലകം:**

**ജാതിസംവരണം ഒഴികെയുള്ള സംവരണ സീറ്റുകളിലേക്ക് പ്രവേശനത്തിന് ഇന്നുകൂടി (മെയ് 31) അപേക്ഷിക്കാം**

സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ സീറ്റുകളിലേക്ക് പ്രവേശനത്തിനായി അപേക്ഷകർക്ക് ഇന്നുകൂടി കോളേജുകളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. റാങ്ക് ലിസ്റ്റ് ജൂൺ 2ന് കോളേജുകളിൽ പ്രസിദ്ധീകരിക്കുന്നതും പ്രവേശനം ജൂൺ 4നുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജധികൃതർ ജൂൺ 4ന് തന്നെ ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ നിർബന്ധമായും അപ്ലോഡ് ചെയ്യേണ്ടതാണ്. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിൽ വീഴ്ചവരുത്തിയാൽ കോളേജ് അധികൃതർ ഉത്തരവാദികളായിരിക്കും. മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടകളിലേക്കുള്ള പ്രവേശന നടപടികൾ സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂൾ അനുസരിച്ച് മാത്രമേ നടത്തുവാൻ പാടുള്ളൂ. ഇതിനു വിരുദ്ധമായ പ്രവർത്തനങ്ങൾ സർവ്വകലാശാല ഗൗരവമായി കാണുന്നതും അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്.

മേൽപ്പറഞ്ഞ സംവരണ വിഭാഗങ്ങളിലേക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ സർവ്വകലാശാലയിലേക്ക് ഒടുക്കേണ്ട ഫീസ് ഓൺലൈൻ പേമെന്റ് ഗേറ്റ്വേ വഴി ഒടുക്കുന്നതിന് കോളേജധികൃതർ ശ്രദ്ധിക്കണം.

**പുതുക്കിയ പരീക്ഷാ തീയതി**

മെയ് 28ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ പി.ജി. (സി.എസ്.എസ്.) & അഞ്ചാം സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ സീപാസ്) തിയറി പരീക്ഷകൾ ജൂൺ 1ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

ജൂൺ 4ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ഡി.ഡി. എം.സി.എ. (2016 അഡ്മിഷൻ റഗുലർ/2014 - 2015 അഡ്മിഷൻ സപ്ലിമെന്ററി) മൾട്ടിമീഡിയ സിസ്റ്റംസ് എന്ന പേപ്പറിന്റെ പരീക്ഷ ജൂൺ 5ന് നടത്തുവാൻ പുതുക്കി നിശ്ചയിച്ചു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

**അപേക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി (പുതിയ സ്കീം - 2016 അഡ്മിഷൻ റഗുലർ & പഴയ സ്കീം - 2009 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 26ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂൺ 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 8 വരെയും സ്വീകരിക്കും.

നാലാം വർഷ ബി.ഫാം (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 19ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂൺ 4 വരെയും 50 രൂപ പിഴയോടെ 5 വരെയും 500 രൂപ സൂപ്പർഫൈനോടെ 7 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതം (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**എം.കോം സൂക്ഷ്മപരിശോധന**

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.കോം (സി.എസ്.എസ്.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ ജൂൺ 4 മുതൽ 6 വരെ മഹാത്മാഗാന്ധി സർവ്വകലാശാലാ കാമ്പസിലെ സിൽവർ ജൂബിലി പരീക്ഷാഭവനിലെ ഇ.ജെ. 5 സെക്ഷനിൽ (റൂം നമ്പർ 226) തിരിച്ചറിയൽ രേഖകൾ/ഹാൾടിക്കറ്റുമായി ഹാജരാകണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**